ഉത്തരം

(എ) സംസ്ഥാനത്ത് മരുന്ന വിതരണം നടത്തുന്ന ചുരുക്കം ചില നിർമ്മാതാക്കളുടെ മരുന്നുകൾ വിപണിയിൽ ദൗർലഭ്യമുള്ളതായി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ പ്രസ്തുത മരുന്നുകൾക്ക് സമാനമായ, മറ്റ് നിർമ്മാതാക്കളുടെ മരുന്നുകൾ വിപണിയിൽ സുലഭമായതിനാൽ രോഗികൾക്ക് ബുദ്ധിമുട്ട് അനുഭവപ്പെടുന്നില്ല.

(ബി) ഗ്ലാക്സോ കമ്പനി നിർമ്മിക്കുന്ന മരുന്നുകൾ ലഭ്യമാണ്. സമാനമായ മരുന്നുകൾ മറ്റ് നിർമ്മാതാക്കളുടേത് ലഭ്യമായതിനാൽ വിപണിയിൽ ദൗർലഭ്യമില്ല.

(സി) സൺഫാർമ നിർമ്മിക്കുന്ന സൈക്യാടി മരുന്നുകൾക്ക് ദൗർലഭ്യമുള്ളതായി കാണുന്നില്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) സംസ്ഥാനത്ത് പ്രമേഹത്തിനുള്ള മരുന്നുകൾ, കാർഡിയോളജി, ക്യാൻസർ, ന്യൂറോ മരുന്നുകൾ എന്നിവയുടെ ക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ചില ബ്രാൻഡുകൾക്ക് ദൗർലഭ്യം ഉണ്ടെങ്കിലും സമാന ചേരുവകളിൽ മറ്റ് കമ്പനികൾ നിർമ്മിക്കുന്ന മരുന്നുകൾ വിപണിയിൽ ലഭ്യമായതിനാൽ രോഗികൾക്ക് മരുന്ന് ലഭിക്കാത്ത സാഹചര്യം നിലവിലില്ല.

(എഫ്) ബാധകമല്ല.

സംസ്ഥാന വെയർഹൗസുകളിൽ സ്റ്റോക്കുള്ള മരുന്നുകൾ

70 (8130) ശ്രീ. സി. ദിവാകരൻ :
ശ്രീ. പി. തിലോത്തമൻ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) സംസ്ഥാന വെയർഹൗസുകളിൽ ആകെ എത്ര കോടി രൂപയുടെ മരുന്നുകൾ ഇപ്പോൾ സ്റ്റോക്കുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) വെയർഹൗസുകളിൽ കെട്ടിക്കിടന്ന് മരുന്നുകൾ നശിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര കോടി രൂപയുടെ മരുന്നുകൾ ഇപ്രകാരം നശിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) എത്ര രൂപയ്ക്കുള്ള കാലാവധി കഴിഞ്ഞ മരുന്നുകൾ ഇപ്പോൾ വെയർഹൗസുകളിൽ ഇരിപ്പുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) ആശുപത്രികളിൽ നിന്നും നൽകുന്ന ഇൻഡന്റ് അനുസരിച്ച് മരുന്നുകൾ ലഭിക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തു നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) നിലവിൽ കോർപ്പറേഷന്റെ ജില്ലാ വെയർ ഹൗസുകളിൽ ആകെ 47.15 കോടി രൂപയുടെ മരുന്നുകൾ ഇപ്പോൾ സ്റ്റോക്കുണ്ട്.

(ബി&സി) ഇൻഡന്റ് പ്രകാരം സംഭരിച്ച ചില മരുന്നുകൾ ആശുപത്രികൾ സ്വീകരിക്കാൻ തയ്യാറാകാതെ കാലാവധി കഴിഞ്ഞതായിട്ടുണ്ട്. 2.8 കോടി രൂപയുടെ മരുന്നുകൾ ഇപ്പോൾ കാലാവധി കഴിഞ്ഞതായി വെയർ ഹൗസുകളിലുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

വ്യാജവും കാലാവധി കഴിഞ്ഞതുമായ മരുന്നുകളുടെ വിൽപ്പന തടയുന്നതിനുള്ള പരിശോധന

71 (8131) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) വ്യാജ മരുന്നുകളും കാലാവധി കഴിഞ്ഞ മരുന്നുകളും മെഡിക്കൽ സ്റ്റോറുകൾവഴി വിതരണം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇത്തരത്തിൽ വ്യാജ മരുന്നുകളും കാലാവധി കഴിഞ്ഞ മരുന്നുകളും വിതരണം ചെയ്തതിന് എത്ര മെഡിക്കൽ സ്റ്റോറുകൾക്കെതിരെ നടപടി എടുത്തുവെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ ; ഇവർക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത് ;

(സി) വ്യാജ മരുന്നുകൾ അന്യസംസ്ഥാനത്തു നിന്നും എത്തുന്നത് തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ഡി) മെഡിക്കൽ സ്റ്റോറുകളിൽ വ്യാജ മരുന്നും കാലാവധി കഴിഞ്ഞ മരുന്നും വിൽക്കുന്നുണ്ടോയെന്നു പരിശോധിക്കുവാൻ എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നത് ;

(ഇ) ഇത്തരം മരുന്നുകളുടെ വില്പന തടയാൻ മെഡിക്കൽ സ്റ്റോർ കേന്ദ്രീകരിച്ച് പരിശോധന നടത്താറുണ്ടോ ; വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly